# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2855** **18-06-2018-ൽ**

മറുപടി നൽകേണ്ടത്

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നത വിദ്യാഭ്യാസ പീഠങ്ങളും ഗവേഷണ ശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്രമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നത വിദ്യാഭ്യാസ പീഠങ്ങളും ഗവേഷണ ശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്രമാക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ചേർത്തിട്ടുള്ള കോളേജുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും/മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും, ലൈബ്രറിയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് വായനാ സൗകര്യങ്ങളുള്ള മുറികൾ സജ്ജീകരിക്കുന്നതിനും, വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യ വികസ |

നത്തിനായി നടപ്പ് സാമ്പത്തിക (2018-19) വർഷത്തിൽ 11293 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ആർട്സ് & സയൻസ് കോളേജു കളുടെ സമഗ്ര വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 48 സർക്കാർ ആർട്സ് & സയൻസ് കോളേജിന് 8.85 കോടി രൂപ വീതവും പുതുതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജു കൾക്ക് 10 കോടി രൂപ വീതവും സർക്കാർ തലത്തിൽ വകയിരുത്തിയിട്ടുണ്ട്. 33 സർക്കാർ കോളേജുകളുടെയും മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ കിഫ്ബിയി-ലേക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. പൈതൃക കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ എന്നി കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ/ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നതിനായി കിറ്റ്കോ മുഖാന്തിരം കിഫ്ബി യിലേക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്രം കൂടിയായി വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; (സി) സമൂഹ നന്മയ്ക്ക് ഉതകുന്ന ഗവേഷണ ഫലങ്ങൾ സാധാരണക്കാരുമായി പങ്ക് വയ്ക്കുന്നതിന് ആവിഷ്കരിച്ച ശാസ്ത്രയാൻ പദ്ധതി പ്രകാരം എന്തൊക്കെ ഗവേഷണ ഫലങ്ങളാണ് സാധാരണക്കാർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ആവിഷ്കിരിക്കുവാൻ കഴിഞ്ഞത്; വിശദമാക്കുമോ; | (ബി) & (സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാമൂഹിക പ്രവർത്തനങ്ങളുടെ കേന്ദ്രം കൂടിയായി വികസിപ്പിക്കുന്നതിന് നാഷണൽ സർവ്വീസ് സ്കീം എന്ന പദ്ധതി വിജയകരമായി കോളേജ് തലത്തിൽ നടന്നു വരുന്നു. ഗിരിവർഗ്ഗ പ്രാമുഖ്യമുള്ള പ്രദേശങ്ങളായ അട്ടപ്പാടി, മൂന്നാർ, കട്ടപ്പന തുടങ്ങിയ പ്രദേശങ്ങളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു. സർക്കാർ കോളേജുകളിലെ ഹോം സയൻസ്, സൈക്കോളജി, ബോട്ടണി എന്നീ വിഷയങ്ങളിലെ നേട്ടങ്ങൾ സാധാരണക്കാരായ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി RUSA-യുടെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരിയിൽ എല്ലാ ജില്ലകളിലും "ശാസ്ത്രയാൻ" പദ്ധതി നടപ്പിലാക്കി. ശാസ്ത്രയാൻ പദ്ധതിയിലൂടെ സർവകലാശാല പഠന വകുപ്പുകളുടെ പ്രവർത്തനങ്ങളും ഗവേഷണഫലങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കിട്ടുള്ളത്. ഇതിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും രണ്ടുദിവസം സർവകലാശാല വകുപ്പുകളുടെ പ്രവർത്തനങ്ങൾ, കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ, ഗവേഷണ പ്രവർത്തന |

| | |
|---|---|
| | ങ്ങൾ, ലബോറട്ടറി എന്നിവ മനസ്സിലാക്കുന്നതിനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്രയാൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഓഫ് എൻവയൊമെന്റൽ സയൻസ് വിഭാഗത്തിൽ പൊതുജനങ്ങൾക്ക് ജല സുരക്ഷ സംബന്ധിച്ച് അവബോധം നൽകുകയും ജലത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ ഓർഗാനിക് ഫാമിങ് ആന്റ് സസ്റ്റെനബിൾ അഗ്രികൾച്ചർ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി രീതികൾ പരിചയപ്പെടുത്തുകയും തൽപരരായ പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാഡമിക മികവ് ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലാകാലങ്ങളിൽ ഈ പദ്ധതികൾ അവലോകനം ചെയ്യുന്നതിനും വേണ്ടത്ര മാറ്റങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുന്നതിന് പ്ലാൻ പദ്ധതികളുടെ അവലോകനം വകുപ്പുതലത്തിൽ നടത്തി വരുന്നുണ്ട്. മഹാത്മാഗാന്ധി സർവകലാശാല അക്കാദമിക് രംഗത്ത് നടപ്പാക്കിയ നടപടികളുടെ ഫലമായി മാനവവിഭവശേഷി മന്ത്രാലയത്തിന്റെ റാങ്കിംഗ് അനുസരിച്ച് രാജ്യത്തെ ആദ്യ 100 സർവകലാശാലകളിൽ മുപ്പത്തിനാലാം സ്ഥാനം നേടുകയുണ്ടായി. കൂടുതൽ മികവാർന്ന അക്കാദമിക് പ്രവർത്തനങ്ങളിലൂടെ നിലവിലുള്ളതിനേക്കാൾ മികച്ച |

| | |
|---|---|
| | സ്ഥാനത്ത് എത്തുക എന്നതാണ് സർവ കലാശാല ലക്ഷ്യമിടുന്നത്. ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപികളും സ്വീകരി ച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**